പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**

**ചോദ്യം നമ്പർ: 2230** 18.6.2013-ൽ മറുപടിക്ക്

**പൊതുമേഖലാ സ്ഥാപനങ്ങളിലെ ഇ-പ്രൊക്യൂർമെൻറ് സംവിധാനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ഉബൈദുള്ള | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും, വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| **(എ)** സംസ്ഥാനത്തിൻെറ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇ-പ്രൊക്യൂർമെൻറ് സംവിധാനം നിലവിൽ വന്നിട്ടുണ്ടോ; | **(എ)** ഉണ്ട്. |
| **(ബി)** ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളിലാണ് ഈ സംവിധാനം നടപ്പാക്കിയിട്ടുള്ളതെന്നും പദ്ധതിയുടെ വിശദാംശവും വെളിപ്പെടുത്താമോ; | **(ബി)** സംസ്ഥാനത്തെ വ്യവസായവകുപ്പിൻെറ കീഴിലുള്ള എല്ലാ പൊതുമേഖലാസ്ഥാപനങ്ങളിലും 2012 ഓഗസ്റ്റ് 1 മുതൽ ഇ-പ്രൊക്യൂർമെൻറ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഇ-പ്രൊക്യൂർമെൻറിൻെറ ഭാഗമായുള്ള **"ഇ-പേയ്മെൻറ്"** സംവിധാനവും നടപ്പിലാക്കിവരുന്നു. |
| **(സി)** പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്ന പുരോഗതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | **(സി)** പൊതുമേഖലാ വ്യവസായങ്ങൾക്ക് ആവശ്യമായ അസംസ്കൃത സാധനങ്ങൾ, നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സേവനങ്ങൾ, സുതാര്യവും കാര്യക്ഷമവുമായ രീതിയിൽ വാങ്ങുന്നതിനുവേണ്ടിയാണ് ഇ-പ്രൊക്യൂർമെൻറ് സംവിധാനം നടപ്പിലാക്കുന്നത്. പൊതുമേഖലാവ്യവസായങ്ങളുടെ ഇടപാടുകൾ കൂടുതൽ സുതാര്യമാക്കുന്നതിനും, കൈകാര്യം ചെയ്യാൻ എളുപ്പമുള്ളതാക്കുവാനും, വേഗത്തിൽ തീരുമാനമെടുക്കുവാനും, ഉദ്യോഗസ്ഥർക്ക് കൂടുതൽ ഉത്തരവാദിത്വവും, താരതമ്യേന പരാതിരഹിതവും, വ്യവഹാരങ്ങൾ കുറയ്ക്കുക എന്നിവയാണ് ഈ സംവിധാനം വഴി ലക്ഷ്യമിടുന്നത്. ഈ സംവിധാനത്തിനുകീഴിൽ 24 മണിക്കൂറും, രാജ്യത്ത് ഏതു കോണിൽനിന്നും ഇതിൻെറ സേവനം ഉപയോഗപ്പെടുത്തുവാൻ സാധിക്കും എന്നതാണ് പ്രധാന സവിശേഷത. കൂടാതെ ടെണ്ടറിൻെറ നടപടിക്രമങ്ങളിൽ കൃത്യതയും ഓട്ടോമേഷനും ഉറപ്പുവരുത്താൻ സാധിക്കുന്നു. വിവരങ്ങൾ സുരക്ഷിതമായി കാലാകാലം സൂക്ഷിക്കുന്നതിനുള്ള സൗകര്യവും ലഭിക്കുന്നതാണ്. ടെണ്ടർ നടപടിക്രമങ്ങളുടെ രഹസ്യസ്വഭാവം |

കാത്തുസൂക്ഷിക്കുന്നതിനുള്ള മികച്ച സംവിധാനമാണ് ഇതിലൂടെ സാധ്യമാകുന്നത്. ടെണ്ടറുമായി ബന്ധപ്പെട്ടവർക്ക് നടപടിക്രമങ്ങൾ അതാത് സമയത്ത് അറിയിക്കുന്നതിനുള്ള സംവിധാനവും ഇതിലൂടെ ലഭ്യമാണ്. ഇതിലൂടെ സാധാരണ ടെണ്ടർ നടപടിക്രമങ്ങളിലെ പേപ്പർജോലികളും തുടർന്നുണ്ടാവുന്ന ബുദ്ധിമുട്ടുകളും കുറയ്ക്കുവാൻ സാധിക്കുന്നു.

(ഡി) പ്രസ്തുത സംവിധാനം കൂടുതൽ പൊതുമേഖലാ സംരംഭങ്ങളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

(ഡി) സംസ്ഥാനത്തെ വ്യവസായവകുപ്പിന്റെ കീഴിലുള്ള എല്ലാ പൊതുമേഖലാസ്ഥാപനങ്ങളിലും 2012 ഓഗസ്റ്റ് 1 മുതൽ ഇ-പ്രൊക്യൂർമെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ